## എങ്ങനെ വോട്ട് ചെയ്യണം

അയർലാൻഡിലെ പൊതു തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുമ്പോൾ താങ്കൾക്ക് പൂരിപ്പിക്കാനായുള്ള ഒരു ബാലറ്റ് പേപ്പർ നൽകുന്നതാണ്. താങ്കളുടെ വോട്ട് എണ്ണപ്പെടുന്നതിന് താങ്കളുടെ ബാലറ്റ് പേപ്പർ കൃത്യമായി പൂരിപ്പിക്കേണ്ടത് വളരെ പ്രധാനമാണ്.

താങ്കളുടെ ബാലറ്റ് പേപ്പറിൽ 1-ൽ തുടങ്ങി 2, 3, 4 എന്നിങ്ങനെ തുടരുന്ന താങ്കളുടെ പ്രിഫറൻസ് അഥവാ മുൻഗണനകൾ എത്ര വേണമെങ്കിലും അല്ലെങ്കിൽ എത്ര കുറവായാലും രേഖപ്പെടുത്തുന്നുണ്ടെന്ന് വോട്ടർമാർ ഉറപ്പാക്കണം. അതുകൊണ്ട് താങ്കളുടെ ബാലറ്റ് പേപ്പറിൽ 1-ൽ നിന്നുതന്നെ തുടങ്ങുക, അല്ലെങ്കിൽ താങ്കളുടെ വോട്ട് എണ്ണപ്പെടുന്നതല്ല.

## വോട്ട് ചെയ്യാനുള്ള തയ്യാറെടുപ്പ്

താങ്കൾ ആദ്യമേ പരിശോധിക്കേണ്ടത്, ഈ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ താങ്കൾക്ക് അർഹതയുണ്ടോ എന്നാണ്. ഞങ്ങളുടെ വോട്ടർ എലിജിബിലിറ്റി എന്ന പേജിൽ താങ്കൾക്ക് വിശദവിവരങ്ങൾ കാണാവുന്നതാണ്.

വോട്ടുചെയ്യാൻ രജിസ്റ്റർ ചെയ്യുന്നതും നിങ്ങളുടെ വിശദാംശങ്ങൾ കൃത്യവും കാലികവുമാണെന്ന് പരിശോധിക്കുന്നതും എളുപ്പമാണ്. www.checktheregister.ie സന്ദർശിച്ച് താങ്കൾക്ക് ഇതെല്ലാം ചെയ്യാവുന്നതാണ്.

വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യുകയും ഐറിഷ് തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്തുകഴിഞ്ഞാൽ, വോട്ടുചെയ്യുന്ന ദിവസത്തിന് മുമ്പ് താങ്കളുടെ രജിസ്റ്റർ ചെയ്ത വീട്ടുവിലാസത്തിൽ ഒരു പോളിംഗ് വിവര കാർഡ് പോസ്റ്റ് ചെയ്യുന്നതാണ്.

### ഒരു തിരഞ്ഞെടുപ്പിൽ താങ്കളുടെ വോട്ട് രേഖപ്പെടുത്തൽ.

വോട്ടെടുപ്പു ദിവസം താങ്കളുടെ പോളിംഗ് സ്റ്റേഷനിൽ എത്തുമ്പോൾ, താങ്കളുടെ പേരും മേൽവിലാസവും പറയാൻ ആവശ്യപ്പെടും. താങ്കളോട് തിരിച്ചറിയൽ രേഖയും ആവശ്യപ്പെട്ടേക്കാം, അതിനാൽ പരിശോധനയ്ക്കായി താങ്കളുടെ ഐഡി തയ്യാറാക്കി വെക്കുക.

പോളിംഗ് ജീവനക്കാർ താങ്കളുടെ ഐഡി അഥവാ തിരിച്ചറിയൽ രേഖയിൽ തൃപ്തരാണെങ്കിൽ, താങ്കളുടെ പേര് വോട്ടർ രജിസ്റ്ററിൽ ഉണ്ടെങ്കിൽ, പ്രിസൈഡിംഗ് ഓഫീസർ ആവശ്യമായ ബാലറ്റ് പേപ്പറിൽ സ്റ്റാമ്പ് ചെയ്ത് താങ്കൾക്ക് നൽകും. താങ്കളുടെ ബാലറ്റ് പേപ്പറുകളിൽ സ്റ്റാമ്പ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. സ്റ്റാമ്പ് ചെയ്തിട്ടില്ലെങ്കിൽ അവ സാധുവായിരിക്കില്ല.

താങ്കളുടെ ബാലറ്റ് പേപ്പറുകൾ സ്വകാര്യ വോട്ടിംഗ് കമ്പാർട്ടുമെന്റിലേക്ക് കൊണ്ടുപോകുക.

ബാലറ്റ് പേപ്പർ എങ്ങനെ പൂരിപ്പിക്കാം

അയർലൻഡ് തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുന്നതിന് ആനുപാതിക പ്രാതിനിധ്യം (PR) ഉപയോഗിക്കുന്നു, ഓരോ വോട്ടർക്കും സിംഗിൾ ട്രാൻസ്ഫറബിൾ വോട്ട് അഥവാ കൈമാറ്റം ചെയ്യാവുന്ന ഒരു വോട്ട് (STV) ഉണ്ടായിരിക്കും.

ആനുപാതിക പ്രാതിനിധ്യം - സിംഗിൾ ട്രാൻസ്ഫറബിൾ വോട്ട് (PR-STV) താഴെക്കാണുന്ന വോട്ടിംഗുകളിൽ ഉപയോഗിക്കുന്നു:

- പൊതുതിരഞ്ഞെടുപ്പുകൾ
- പ്രാദേശിക തിരഞ്ഞെടുപ്പുകൾ
- യൂറോപ്യൻ തിരഞ്ഞെടുപ്പുകൾ
- പ്രസിഡന്റ് തിരഞ്ഞെടുപ്പുകൾ
- മേയർ തിരഞ്ഞെടുപ്പുകൾ

അയർലൻഡിൽ ഈ സംവിധാനം ഉപയോഗിക്കാത്ത ഒരേയൊരു വോട്ടിംഗ് രീതി റഫറണ്ടം അഥവാ ജനഹിതപരിശോധന മാത്രമാണ്.

PR-STV സംവിധാനം ഉപയോഗിക്കുന്നതു വഴി വോട്ടർമാർക്ക് അവരുടെ മുൻഗണനാ ക്രമത്തിൽ എത്ര പേർക്കു വേണമെങ്കിലും, അല്ലെങ്കിൽ ഏതാനും സ്ഥാനാർത്ഥികൾക്കു മാത്രമായും വോട്ട് ചെയ്യാൻ കഴിയും.

താങ്കളുടെ ബാലറ്റ് പേപ്പറിൽ, എങ്ങനെ വോട്ട് ചെയ്യണം എന്നതിനെക്കുറിച്ചുള്ള ചെറിയ നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു. താങ്കളുടെ ബാലറ്റ് പേപ്പറിലെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് പിന്തുടരുക. പെൻസിലുകൾ നൽകും, എന്നാൽ താങ്കൾക്ക് വേണമെങ്കിൽ സ്വന്തമായി പേനയോ പെൻസിലോ കൊണ്ടുവരാവുന്നതാണ്.

ബാലറ്റ് പേപ്പറിൽ അകരാദിക്രമത്തിൽ പേരുകളുടെ പട്ടിക, പാർട്ടി ചിഹ്നങ്ങൾ, ഓരോ സ്ഥാനാർത്ഥിയുടെയും ചിത്രങ്ങൾ എന്നിവയും കാണിക്കും. വലതുവശത്തുള്ള കള്ളിയിൽ ഓരോ സ്ഥാനാർത്ഥിക്കും താങ്കൾ നൽകുന്ന മുൻഗണന അടയാളപ്പെടുത്തുക.

താങ്കൾ ആദ്യ മുൻഗണന നൽകുന്ന സ്ഥാനാർത്ഥിയുടെ പേരിനടുത്തുള്ള കള്ളിയിൽ '1' എന്ന് അടയാളപ്പെടുത്തുക, താങ്കൾ ആഗ്രഹിക്കുന്നുവെങ്കിൽ, താങ്കൾ രണ്ടാമതായി മുൻഗണന നൽകുന്ന സ്ഥാനാർത്ഥിയുടെ പേരിനടുത്തുള്ള കള്ളിയിൽ '2' എന്ന് അടയാളപ്പെടുത്തുക, താങ്കൾ മൂന്നാമതായി മുൻഗണന നൽകുന്ന സ്ഥാനാർത്ഥിയുടെ പേരിനടുത്തുള്ള കള്ളിയിൽ '3' എന്ന് അടയാളപ്പെടുത്തുക, ഈ ക്രമത്തിൽ തുടരുക.

- ഒരു സ്ഥാനാർത്ഥിയുടെ അടുത്തായി '1' അടയാളപ്പെടുത്തുന്നതിലൂടെ താങ്കൾ പറയുന്നത് 'ഞാൻ ഈ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്നു' എന്നാണ്.
- ഒരു സ്ഥാനാർത്ഥിയുടെ അടുത്തായി '2' അടയാളപ്പെടുത്തുന്നതിലൂടെ താങ്കൾ പറയുന്നത്, 'ഞാൻ ആദ്യ മുൻഗണന നൽകിയ സ്ഥാനാർത്ഥി ഇതിനകം തിരഞ്ഞെടുക്കപ്പെട്ടതിനാലോ എണ്ണലിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനാലോ എന്റെ വോട്ട് ആവശ്യമില്ലെങ്കിൽ, എന്റെ വോട്ട് ഈ രണ്ടാമത്തെ സ്ഥാനാർത്ഥിക്ക് നൽകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു' എന്നാണ്.
- ഒരു സ്ഥാനാർത്ഥിയുടെ അടുത്തായി '3' എന്ന് അടയാളപ്പെടുത്തുന്നതിലൂടെ താങ്കൾ പറയുന്നത് 'ഞാൻ ആദ്യത്തെയും രണ്ടാമത്തെയും മുൻഗണന

നൽകിയ സ്ഥാനാർത്ഥികൾക്ക് എന്റെ വോട്ട് ആവശ്യമില്ലെങ്കിൽ, എന്റെ വോട്ട് ഈ മൂന്നാമത്തെ സ്ഥാനാർത്ഥിക്ക് നൽകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു' എന്നാണ്.

ഈ വോട്ടിംഗ് സമ്പ്രദായം താങ്കൾക്ക് വൈവിധ്യമാർന്ന തിരഞ്ഞെടുപ്പുകൾക്ക് അവസരം നൽകുന്നു. താങ്കൾക്ക് വ്യത്യസ്ത സ്ഥാനാർത്ഥികളെ തിരഞ്ഞെടുത്ത് താങ്കളുടെ മുൻഗണനാ ക്രമത്തിൽ അടയാളപ്പെടുത്താം. താങ്കൾക്ക് ഇഷ്ടമുള്ളത്ര കൂടുതലോ കുറവോ സ്ഥാനാർത്ഥികൾക്കുള്ള മുൻഗണനകൾ രേഖപ്പെടുത്താം. ഇത് താങ്കളുടെ തീരുമാനമാണ്.

താങ്കളുടെ ബ ാലറ്റ് പേ പ്പറിൽ  '1' എന്ന് തുടങ്ങി, പിന്നീട് '2' എന്നും, '3' എന്നുമുള്ള ക്രമത്തിലാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പുവരുത്തുക..

താങ്കളുടെ വോട്ട് എണ്ണപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ, താങ്കളുടെ മുൻഗണനകൾ കഴിയുന്നത്ര വ്യക്തമായി അടയാളപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

ബാലറ്റ് പേപ്പറിൽ എല്ലാ സ്ഥാനാർത്ഥികൾക്കും മുൻഗണന നൽകാൻ താങ്കൾ ആഗ്രഹിക്കുന്നില്ലെങ്കിൽ, താങ്കൾ വോട്ട് ചെയ്യാത്തവരുടെ പേരിനടുത്തുള്ള കള്ളി കാലിയായി ഇടണം.

ബാലറ്റ് പേപ്പറിൽ മറ്റ് അടയാളങ്ങളൊന്നും ഇടരുത്. അങ്ങനെ ചെയ്താൽ, താങ്കളുടെ വോട്ട് അസാധുവായി/കേടായതായി കണക്കാക്കുകയും എണ്ണപ്പെടാതിരിക്കുകയും ചെയ്യും.

താങ്കൾക്ക് കാഴ്ച വൈകല്യമുണ്ടെങ്കിൽ, എല്ലാ പോളിംഗ് സ്റ്റേഷനിലും ഒരു ബാലറ്റ് പേപ്പർ ടെംപ്ലേറ്റ് ലഭ്യമാണ്, താങ്കൾക്ക് അത് ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്താം. ഞങ്ങളുടെ ആക്സസിബിൾ വോട്ടിംഗ് പേജിൽ ഇതെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കാണാവുന്നതാണ്.

താങ്കൾ വോട്ട് ചെയ്തുകഴിഞ്ഞാൽ ബാലറ്റ് പേപ്പർ മടക്കിയ ശേഷം, അത് തിരികെ കൊണ്ടുവന്ന് അതേ സ്റ്റേഷനിലെ ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കണം.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും തദ്ദേശ തെരഞ്ഞെടുപ്പ് നടത്തുന്നതിന് അവിടത്തെ റിട്ടേണിംഗ് ഓഫീസർ ഉത്തരവാദിയാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചെലവ് സ്വയം വഹിക്കുന്നു.

അയർലൻഡിലെ വോട്ടിംഗ് സമ്പ്രദായം എന്നതെക്കുറിച്ച് കൂടുതൽ വിവരങ്ങൾ വായിക്കുക.